"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്-ശ്രീമതി.രമ്യ.വി.കെ,വണ്ണത്താംകണ്ടിയിൽ വീട്, കായക്കൊടി(പി.ഒ), കുറ്റ്യാടി, കോഴിക്കോട് എന്നയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.115/2025/TAXES തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. 07/06/2007 ലെ സ.ഉ(പി) നം.32/2007/പ്ലാനിംഗ്
2. 05/06/2010 ലെ സ.ഉ(പി) നം.28/2010/പ്ലാനിംഗ്
3. 22/11/2018 ലെ സ.ഉ(പി) നം.18/2018/പ്ലാനിംഗ്
4. 26/08/2023 ലെ സ.ഉ(പി) നം.17/2023/പ്ലാനിംഗ്
5. ശ്രീമതി.രമ്യ.വി.കെ, വണ്ണത്താംകണ്ടിയിൽവീട്, കായക്കൊടി (പി.ഒ), കുറ്റ്യാടി, കോഴിക്കോട് ജില്ല എന്നയാൾ സമർപ്പിച്ച 18/10/2024 തീയതിയിലെ അപേക്ഷ
6. കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടറുടെ 28/10/2024 തീയതിയിലെ 4103 നമ്പർ കത്ത്
7. കോഴിക്കോട് ജില്ലാകളക്ടറുടെ 05/05/2025 തീയതിയിലെ DCKKD/14787/2024-S4 നമ്പർ കത്ത്
8. കെ.എസ്.എഫ്.ഇ ഡയറക്ടർ ബോർഡിന്റെ 29/07/2025 തീയതിയിലെ 10630 നമ്പർ തീരുമാനം.

**ഉത്തരവ്**

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്ത് വരവെ 30/04/2024 തീയതിയിൽ അന്തരിച്ച രുഗ്മിണി.ഒ എന്നവരുടെ മകൾ ശ്രീമതി രമ്യ വി.കെ, വണ്ണത്താംകണ്ടിയിൽ വീട്, കായക്കൊടി(പി.ഒ), കുറ്റ്യാടി, കോഴിക്കോട് എന്നയാൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജൂനിയർ അസിസ്റ്റന്റ്

തസ്തികയിൽ ആശ്രിത നിയമനത്തിനായി പരാമർശം ( 5 ) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. മരണപ്പെട്ട രുഗ്മിണി.ഒ യുടെ ജനനതീയതി 12/04/1965 ഉം ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതി 05.11.2014 ഉം ടിയാൾ മരിച്ച തീയതി 30/04/2024 ഉം,ടിയാളുടെ സേവനകാലം 09 വർഷം 05 മാസവും ആയിരുന്നതായി കെഎസ്എഫ്ഇ. മാനേജിങ് ഡയറക്ടർ അറിയിച്ചിരുന്നു.

3.വടകര തഹസിൽദാർ നൽകിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരിയുടെ അനന്തരാവകാശികളായി മകൾ സൗമ്യവി.കെ, മകൾ ശ്രീമതി.രമ്യ.വി.കെ എന്നിവരാണുള്ളത്. ശ്രീമതി.രമ്യ.വി.കെക്ക് ആശ്രിതനിയമന പ്രകാരമുള്ള ജോലി നൽകുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള സൗമ്യവി.കെയുടെ സമ്മതപത്രം, പരാമർശം ( 4 ) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി എന്നിവ അപേക്ഷയ്ക്കൊപ്പം ഹാജരാക്കിയിട്ടുണ്ട്.

4 . അപേക്ഷകയുടെ ജനന തീയതി 04/03/1989 ആണെന്നും, ടിയാൾ ബിരുദധാരിയാണെന്നും അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 60,000/-രൂപയാണെന്നും,പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനത്തിലിരിയ്ക്കേ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കെഎസ്എഫ്ഇ.യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ടിയാൾക്ക് ആശ്രിത നിയമനം നൽകാവുന്നതാണെന്നും കോഴിക്കോട് ജില്ലാ കളക്ടർ പരാമർശം (7) പ്രകാരം ശിപാർശ ചെയ്തിരുന്നു.

5 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെഎസ്എഫ്ഇ മാനേജിങ്ഡയറക്ടർ ലഭ്യമാക്കിയ ശ്രീമതി.രമ്യ.വി.കെയുടെ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും, അതിന്മേൽ കോഴിക്കോട് ജില്ലാ കളക്ടർ നൽകിയിട്ടുള്ള റിപ്പോർട്ടിന്റെയും കെ.എസ്.എഫ്.ഇ ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, ടിയാൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനത്തിലിരിയ്ക്കേ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം , കെഎസ്എഫ്ഇ.യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിന് അർഹയാണെന്ന് കണ്ടെത്തുകയുണ്ടായി.

6 . മേൽ സാഹചര്യത്തിൽ, കെ.എസ്.എഫ്.ഇ-യിൽ പാർട്ട്-ടൈം സ്വീപ്പർ തസ്തികയിൽസേവനത്തിലിരിയ്ക്കെ രണപ്പെട്ട രുഗ്മിണി.ഒ എന്നയാളുടെ മകൾ ശ്രീമതി.രമ്യ.വി.കെ, വണ്ണത്താംകണ്ടിയിൽ വീട്, കായക്കൊടി(പി.ഒ), കുറ്റ്യാടി, കോഴിക്കോട് ജില്ല എന്നയാളെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനത്തിലിരിയ്ക്കേ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം,കെഎസ്എഫ്ഇ.യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നതിനുള്ള അനുമതി കെ.എസ്എഫ്ഇ മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. അപേക്ഷകയുടെ സ്വഭാവം, പൂർവ്വചരിത്രം എന്നിവ പരിശോധിച്ച് പരാമർശം (1), (2), (3),(4), എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

8 . അപേക്ഷ സമർപ്പിച്ച സമയത്തോ,വകുപ്പ്തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചതായോ, മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ, നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്യുന്ന പക്ഷം നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

9.ശ്രീമതി.രമ്യ.വി.കെക്ക് പൊതുമേഖലാസ്ഥാപനങ്ങളിൽ സേവനത്തിലിരിയ്ക്കേ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം,കെഎസ്എഫ്ഇ.യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയ വിവരം,കെ.എസ്.എഫ്.ഇ-യിൽ പാർട്ട്-ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിയ്ക്കെ മരണപ്പെട്ട രുഗ്മിണി.ഒ യുടെ സർവ്വീസ് ബുക്കിലും, ടിയാൾ സർവ്വീസിന്റെ അവസാന കാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കേണ്ടതും ആയത് ഓഫീസ്/സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജനി എം
ഡെപ്യൂട്ടി സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ, തൃശ്ശൂർ
2. ശ്രീമതി.രമ്യ.വി.കെ,വണ്ണത്താംകണ്ടിയിൽ വീട്, കായക്കൊടി(പി.ഒ), കുറ്റ്യാടി, കോഴിക്കോട് ജില്ല (മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം സ്പീഡ് പോസ്റ്റ് മുഖാന്തിരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , കേരള, തിരുവനന്തപുരം
4. ജില്ലാ കളക്ടർ, കോഴിക്കോട്
5. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (08/10/2025 ലെ PLGEA-BPE2/170/2025-PLGEA)
6. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (H2/386/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu G
Date: 23-12-2025 15:17:48
സെക്ഷൻ ഓഫീസർ